**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഗ്ലൗസ് ഇറക്കുമതി ചെയ്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി ചട്ടം ലംഘിച്ച് 12 കോടി രൂപയുടെ ഗ്ലൗസ് ഇറക്കുമതി ചെയ്ത സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടില്ല.കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി വരുന്നു.ആയതു പൂർത്തിയായിട്ടില്ല. |
| (ബി) | ആഭ്യന്തര മാർക്കറ്റിൽ നിന്നും ഗ്ലൗസ് സംഭരിക്കണമെന്ന ഉത്തരവ് നിലനിൽക്കേ ഇംഗ്ലണ്ടിൽ നിന്നും ഗ്ലൗസ് ഇറക്കുമതി ചെയ്യാനുണ്ടായ അടിയന്തര സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 2021 -22 സാമ്പത്തിക വർഷത്തെ അവശ്യമരുന്നു സംഭരണവുമായി ബന്ധപ്പെട്ടു ക്ഷണിച്ച ദർഘാസിൽ വിതരണക്കാരെ കിട്ടാത്തതിനെതുടർന്ന് കാരുണ്യ ഫാർമസി ഡിവിഷൻ വഴി ക്വട്ടേഷൻ മുഖാന്തിരം 2.5 കോടി ജോഡി സ്റ്റെറൈൽ ഗ്ലൗസുകളും, 70 ലക്ഷം എണ്ണം എക്സാമിനേഷൻ ഗ്ലൗസുകളും സംഭരിക്കുവാൻ തീരുമാനിക്കുകയും 12.04.2021 തീയതിയിൽ ക്ഷണിച്ച ക്വട്ടേഷൻ അനുസരിച്ച് മെസ്സേഴ്സ് സൈലിസ് ടെക്നോളജീസ് എന്ന വിതരണ കമ്പനിയ്ക്ക് വിതരണ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് എക്സാമിനേഷൻ ഗ്ലൗസ് ജൂൺ ആദ്യ വാരം മുതലും സ്റ്റെറൈൽ ഗ്ലൗസ് ജൂലൈ ആദ്യവാരം മുതലും മാത്രമേ വിതരണം ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്ന് വിതരണക്കാർ അറിയിക്കുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ 2021 ഏപ്രിൽ മാസം ആദ്യത്തോടെ സംസ്ഥാനത്താകമാനം വ്യാപിച്ച കോവിഡിന്റെ രണ്ടാം തരംഗം ആശുപത്രികളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ സംഭരണശാലകളിലും ലഭ്യമായിരുന്ന കരുതൽ ശേഖരം വളരെയധികം വേഗത്തിൽ ഉപയോഗിച്ചു തീർന്നുപോകുന്ന അവസ്ഥയിലേയ്ക്ക് വഴി തെളിച്ചു. 2021 ഫെബ്രുവരി മാസം വിതരണ ഉത്തരവ് നൽകിയ 45 ലക്ഷം സ്റ്റെറൈൽ ഗ്ലൗസ് ജീവനക്കാരുടെ അപര്യാപ്തത കാരണവും തദ്ദേശീയമായി കണ്ടൈൻമെന്റ് സോൺ |

| | | | |
|---|---|---|---|
| | | | നടപടിക്രമം കാരണവും സമയബന്ധിതമായി വിതരണം ചെയ്യാതിരുന്നത് സ്റ്റെറൈൽ ഗ്ലൗസുകളുടെ ലഭ്യതയിൽ വലിയ അപര്യാപ്തത സൃഷ്ടിച്ചു. മുൻവിവരിച്ച രീതിയിൽ മെസ്സേഴ്സ് സൈലിസ് കമ്പനിയ്ക്ക് വിതരണോത്തരവ് നൽകുന്നതിന് മുൻപ്, സാധാരണ രോഗീപരിചരണത്തിന് ഉപയോഗിക്കുന്ന എക്സാമിനേഷൻ ഗ്ലൗസുകൾ സംഭരിക്കുന്നതിനായി, നൽകിയിരുന്ന ഉത്തരവുകൾ സമയബന്ധിതമായി ലഭ്യമാകാതെ വന്നതും കരുതൽ ശേഖരത്തിൽ ഉണ്ടായിരുന്ന ഗ്ലൗസുകളുടെ വിനിയോഗത്തിൽ വന്നുചേർന്ന വലിയ തോതിലുള്ള വർദ്ധനവും വിവിധകാരണങ്ങൾ ബോധിപ്പിച്ചുകൊണ്ട് വിതരണ ഉത്തരവിന്റെ കാലാവധി നീണ്ടുപോകും എന്ന് കമ്പനികൾ രേഖാമൂലം അറിയിച്ചതും പൊതുവിപണിയിൽ നിന്നും വിപണിയ്ക്ക് പുറത്തുനിന്നും ബദൽ മാർഗ്ഗങ്ങളിലൂടെ ഗ്ലൗസ് സംഭരണത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ നിർബന്ധമാക്കി. വിദേശരാജ്യങ്ങളിലെ കേരളീയ കൂട്ടായ്മകൾ കോവിഡ് റിലീഫിന്റെ ഭാഗമായി എത്തിക്കുന്ന വിവിധ ഉപകരണങ്ങളുടെയും ചികിത്സാ സാധന സാമഗ്രികളുടെയും സംഭരണ വിതരണം സർക്കാർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനെ തുടർന്ന് വിദേശത്തുള്ള കേരളീയ കൂട്ടായ്മകളിലേയ്ക്കും വ്യാപാര സംരംഭങ്ങളിലേയ്ക്കും വിദേശത്ത് സുലഭമായി ലഭിക്കുന്ന നൈട്രൽ ഗ്ലൗസുകൾക്ക് അന്വേഷണം നടത്തുകയും മെസ്സേഴ്സ് അഗ്രെറ്റ എവോൺ എക്സിം എന്ന കമ്പനി യു.കെ ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിഗ്ലൗസ് എന്ന കമ്പനിയിൽ നിന്ന് 1 കോടി നൈട്രൽ ഗ്ലൗസുകൾ എണ്ണം ഒന്നിന് 10 രൂപ 85 പൈസ + ജി.എസ്.റ്റി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ഓഫർ ലെറ്റർ അയയ്ക്കുകയും 2021 ജൂൺ മാസം 15 ന് മുൻപ് 20 ലക്ഷവും ജൂലൈ 15 ന് മുൻപ് ഒരു കോടി എണ്ണവും ലഭ്യമാകുമെന്നുമുള്ള ഉറപ്പും നൽകിയിരുന്നു. |
| (സി) | ഗ്ലൗസ് ഒന്നിന് പരമാവധി വില 5.75 രൂപയായി നിശ്ചയിച്ച് മേയ് 27-ന് ഉത്തരവിറക്കിയെങ്കിലും 12.15 രൂപയ്ക്ക് ഇറക്കുമതി ചെയ്തതിന്റെ കാരണം വിശദമാക്കാമോ; ഇതുപ്രകാരം ജൂൺ മൂന്നിന് 6.07 കോടി രൂപ വിതരണക്കാർക്ക് നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | 07.05.2021 തീയതി സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ജി.ഒ.(ആ.റ്റി) നമ്പർ 1058/2021/ആരോഗ്യം ഉത്തരവിന്റെയും 03.05.2021 തീയതിയിൽ സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ള സ്റ്റോർ പർച്ചേസ് ജി.ഒ(ആർ.റ്റി)നമ്പർ 14/2021/ എസ്.പി.ഡി ഉത്തരവിലെ ഇളവുകളും മുഖവിലയ്ക്കെടുത്ത് അടിയന്തിര സാഹചര്യം പരിഹരിക്കുന്നതിനു വേണ്ടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടി നടപടി സ്വീകരിച്ചത്. 05.05.2021 തീയതിയിൽ എഫ്2/31/ |

| | | | |
|---|---|---|---|
| | | | ആരോഗ്യം (പാർട്ട് 9) കത്ത് പ്രകാരം സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ള ഉത്തരവനുസരിച്ച് 50 ശതമാനം മുൻകൂർ ധനം വിതരണക്കാരന് നൽകുന്നതിനുള്ള പ്രത്യേക അനുമതി മുഖവിലയ്ക്കെടുത്തുകൊണ്ട് 04.06.2021 തീയതിയിൽ ടി കമ്പനിയ്ക്ക് 50 ശതമാനം മുൻകൂർ ധനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ